ബാങ്ക് ടെസ്റ്റ് എന്നിവയ്ക്ക് റസിഡൻഷ്യൽ പരിശീലനമാണ് നൽകിവരുന്നത്. മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ +2 പാസ്സായ 20-നും 35-നും ഇടയിൽ പ്രായമുള്ള യുവതികൾക്കായി തീരനൈപുണ്യ പദ്ധതി നടപ്പിലാക്കിവരുന്നു. 2 മാസം നീണ്ടുനിൽക്കുന്ന പരിശീലനത്തിൽ ഒരു മാസം വീതം ക്ലാസ്സും പരിശീലനവും അതിനുശേഷം ജോലി ലഭിക്കുന്നതിനുവേണ്ടി വിവിധ സ്ഥാപനങ്ങളിലുള്ള പ്രായോഗിക പരിശീലനവും നൽകിവരുന്നു. പരിശീലനം പൂർത്തിയാക്കുന്ന എല്ലാവർക്കും സർട്ടിഫിക്കറ്റും സ്റ്റൈപന്റ്, പാസ്പോർട്ട് എന്നിവയും നൽകുന്നു. 2016-17 മുതൽ 2018-19 വരെ 85 പേർക്ക് ബാങ്ക് കോച്ചിംഗ്, 21 പേർക്ക് സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം, 198 പേർക്ക് പി.എസ്.സി. പരീക്ഷാ പരിശീലനവും നൽകിയിട്ടുണ്ട്. 2016-17 മുതൽ 186 പേർക്ക് മെഡിക്കൽ എൻട്രൻസ് പരീക്ഷാ പരിശീലനം നൽകിയിട്ടുണ്ട്. ഇതിൽ 24 പേർക്ക് MBBS-നും 14 പേർക്ക് BDS, BAMS, BHMS, BVSC-ക്കും 33 പേർക്ക് ഇതര കോഴ്സുകൾക്കും ഉൾപ്പെടെ ആകെ 71 പേർക്ക് വിവിധ കോഴ്സുകളിൽ അഡ്മിഷൻ ലഭിച്ചിട്ടുണ്ട്.

### പരിസ്ഥിതി അനുകൂലവും ശാസ്ത്രീയവുമായ ഭൂവിനിയോഗം

15(*555) ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ മണ്ണിടിച്ചിലും ഉരുൾപൊട്ടലും ഉണ്ടായ പ്രദേശങ്ങളിലെ മണ്ണിന്റെ ഘടനയും ഭൂമിയുടെ പ്രത്യേകതയും സംബന്ധിച്ച് ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ പഠനം നടത്തിയിട്ടുണ്ടോ; ഭൂവിനിയോഗം പരിസ്ഥിതി അനുകൂലവും ശാസ്ത്രീയവുമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കുമോ;

(ബി) തണ്ണീർത്തടങ്ങളുടെ സംരക്ഷണത്തിന് ഐ.എസ്.ആർ.ഒ.-യുടെ സഹായത്തോടെ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വയലുകളുടെ ഡാറ്റാ ബാങ്ക് രൂപീകരണം പൂർത്തിയായോ; വയൽ നികത്തൽ തടയാൻ സ്വീകരിച്ചുവരുന്ന കർശന നടപടികൾ ഫലം കാണുന്നുണ്ടോയെന്ന് വെളിപ്പെടുത്തുമോ;

(സി) പുഴയോരങ്ങളും കായൽത്തീരങ്ങളും കയ്യേറുന്നത് അവസാനിപ്പിക്കാൻ നടത്തിവരുന്ന ഇടപെടലുകൾ അറിയിക്കാമോ; നദീതീര സംരക്ഷണത്തിനായി റിവർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ച് നടത്തുന്ന പ്രവർത്തനങ്ങൾ കാര്യക്ഷമമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) 2018-ലെ പ്രളയത്തിൽ മണ്ണിടിച്ചിലും ഉരുൾപൊട്ടലുമുണ്ടായ പ്രദേശങ്ങളിലെ മണ്ണിന്റെ ഘടനയും ഭൂമിയുടെ പ്രത്യേകതയും സംബന്ധിച്ച് ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ പഠനം നടത്തിയിട്ടുള്ളതാണ്. മേൽ സ്ഥലങ്ങളിൽ ഉരുൾപൊട്ടലും മണ്ണിടിച്ചിലും ഉണ്ടാകാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ യാതൊരുവിധ നിർമ്മാണ പ്രവർത്തനങ്ങളും പാടില്ലെന്ന് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ മേൽ സ്ഥലങ്ങളിലെ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും തഹസിൽദാർമാർക്കും അത്തരം നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുവാൻ പാടില്ലെന്ന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ പഠനത്തിന്റെയും സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ സാധ്യതാ പ്രദേശ ഭൂപടത്തിന്റെയും വെളിച്ചത്തിൽ ഏതു തരം സ്ഥലങ്ങളിൽ വീട് വയ്ക്കാം എന്നത് സംബന്ധിച്ച ശാസ്ത്രീയ ഉപദേശം നൽകുവാൻ ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ Deputy Director General, പരിസ്ഥിതി അവലോകന വിദഗ്ദ്ധ സമിതി അംഗം ശ്രീ. ജി. ശങ്കർ, ഐ.ആർ.റ്റി.സി. ഡയറക്ടർ ഡോ. ശ്രീകുമാർ, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറി ഡോ. ശേഖർ എൽ. കുര്യാക്കോസ് എന്നിവരുടെ വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ സാധ്യതാ പ്രദേശ ഭൂപടത്തിൽ കേരളത്തിലെ 15% ഭൂപ്രദേശം ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ സാധ്യതയുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഭൂപടം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ വെബ്സൈറ്റിൽ പൊതുജനങ്ങൾക്ക് ഉപയോഗിക്കാവുന്ന രീതിയിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ സാധ്യതാ പ്രദേശ ഭൂപടത്തിൽ High Hazard സോൺ ആയി കാണിച്ചിട്ടുള്ള പ്രദേശങ്ങളിൽ പാറ വെടിമരുന്ന് ഉപയോഗിച്ച് പൊട്ടിക്കുവാൻ അനുവദിക്കരുതെന്ന് സംസ്ഥാന ദുരന്തലഘൂകരണ പദ്ധതിയിൽ നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) ഇപ്രകാരമുള്ള പദ്ധതി തയ്യാറാക്കിയിട്ടില്ല. എന്നാൽ കേരളത്തിലെ മൂന്ന് റാംസാർ തണ്ണീർത്തടങ്ങളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി ഒരു സമഗ്ര കർമ്മ പദ്ധതി വെറ്റ് ലാന്റ് ഇന്റർ നാഷണൽ സൗത്ത് ഏഷ്യയും കേന്ദ്ര ജലവിഭവ വികസന വിനിയോഗ കേന്ദ്രവും ചേർന്ന് തയ്യാറാക്കുകയും പ്രസ്തുത കർമ്മ പദ്ധതി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അംഗീകരിക്കുകയും ഈ സാമ്പത്തിക വർഷം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം സംസ്ഥാനത്ത് നിലവിലുള്ള നെൽവയലുകളുടെയും തണ്ണീർത്തടങ്ങളുടെയും ഡാറ്റാബാങ്കുകൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ

LIBRARY ARCHIVES Kerala Legislative Assembly

ഊർജ്ജിതമായി നടത്തിവരുന്നു. സംസ്ഥാനത്തൊട്ടാകെ 1076 കൃഷിഭവൻ പ്രദേശങ്ങൾ ഉള്ളതിൽ, 3 ജില്ലകളിലായി 29 കൃഷിഭവൻ പ്രദേശങ്ങളിൽ നെൽവയൽ തണ്ണീർത്തടം ഇല്ലാത്തതാണ്. ശേഷിക്കുന്ന 1047 കൃഷി ഭവൻ പ്രദേശങ്ങളിൽ 817 എണ്ണത്തിന്റെ ഡാറ്റാബാങ്ക് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു. കൂടാതെ 36 എണ്ണത്തിന്റെ ഡാറ്റാബാങ്ക് പുതിയതായി തയ്യാറാക്കിയിട്ടുണ്ട്. അതിൽ 19 എണ്ണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഗസറ്റ് വിജ്ഞാപനത്തിനായി കൈമാറിയിട്ടുണ്ട്. 10 പ്രദേശങ്ങളുടെ ഡാറ്റാബാങ്ക് ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുണ്ട്.

നെൽവയൽ തണ്ണീർത്തടങ്ങൾ സംരക്ഷിക്കുന്നതിനും ആയവ അനിയന്ത്രിതമായി പരിവർത്തനപ്പെടുത്തുന്നത് ഫലപ്രദമായി നിയന്ത്രിക്കുന്നതിനും 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. അനധികൃതമായി പരിവർത്തനം വരുത്തിയിട്ടുള്ളവ കണ്ടെത്തി പൂർവ്വസ്ഥിതിയിലാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ തണ്ണീർത്തടങ്ങളുടെയും നെൽവയലുകളുടെയും സംരക്ഷണത്തിനായി കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം, വകുപ്പ് 12-ൽ അനുശാസിക്കും വിധമുള്ള നടപടികളും വകുപ്പ് 13 പ്രകാരം അനധികൃതമായി തരം മാറ്റിയ ഭൂമി പൂർവ്വസ്ഥിതിയിലാക്കുന്നതിനുള്ള നടപടിയും വകുപ്പ് 20 പ്രകാരം വാഹന സാമഗ്രികൾ പിടിച്ചെടുത്ത് കണ്ടുകെട്ടുന്ന നടപടിയും വകുപ്പ് 23 പ്രകാരം പ്രോസിക്യൂഷൻ നടപടിയും സ്വീകരിച്ചുവരുന്നു. കൂടാതെ തരിശായി കിടക്കുന്ന എല്ലാ നെൽവയലുകളും കൃഷി ചെയ്യുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപടികൾ സ്വീകരിക്കുകയും മറ്റ് കൃഷികൾ ചെയ്തുവരുന്ന നെൽവയലുകളിൽ നെൽകൃഷി പുനരാരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. അതിനുപുറമെ നെൽവയലുകളും തണ്ണീർത്തടങ്ങളും രൂപാന്തരപ്പെടുത്തുന്നത് തടയുന്നതിനും തുടർനടപടികൾ കൈക്കൊള്ളുന്നതിലേയ്ക്കുമായി താലൂക്ക്തലത്തിൽ ഭൂരേഖാ തഹസീൽദാരുടെ നേതൃത്വത്തിൽ സ്ക്വാഡുകൾ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു.

(സി) നദീതീരങ്ങളിലെ കയ്യേറ്റം ശ്രദ്ധയിൽപ്പെട്ടാൽ 1957-ലെ കേരള ഭൂസംരക്ഷണ നിയമപ്രകാരവും 1958-ലെ ചട്ട പ്രകാരവും 2009-ലെ ഭേദഗതി നിയമപ്രകാരവുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സർവ്വേയറുടെ സഹായത്തോടെ പുറമ്പോക്ക് ഭൂമി അളന്ന് തിട്ടപ്പെടുത്തുകയും അനധികൃത കയ്യേറ്റം കണ്ടെത്തുന്ന പക്ഷം ടി നിയമപ്രകാരം കയ്യേറ്റ കക്ഷികളെ നിയമാനുസൃതം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുകയും ചെയ്യുന്നു. മുനിസിപ്പാലിറ്റി/പഞ്ചായത്ത് അധീനതയിലുള്ള ഭൂമിയിലാണ് കയ്യേറ്റം കണ്ടെത്തുന്നതെങ്കിൽ കേരള ഭൂസംരക്ഷണ നിയമത്തിലെ സെക്ഷൻ 15 പ്രകാരം ബന്ധപ്പെട്ട മുനിസിപ്പാലിറ്റി/പഞ്ചായത്ത് സെക്രട്ടറിക്ക് കയ്യേറ്റം ഒഴിപ്പിക്കുന്ന തിനായി കയ്യേറ്റ ഭൂമിയുടെ മഹസ്സർ, സ്കെച്ച്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സഹിതം കൈമാറി വരുന്നു. സർക്കാർ ഭൂമിയിലെ കയ്യേറ്റം സംബന്ധിച്ച കേസ്സുകൾ ശ്രദ്ധയിൽപ്പെട്ടാൽ ത്വരിത നടപടികൾ സ്വീകരിക്കുന്നതിനായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും മോണിറ്ററിംഗ് സെൽ രൂപീകരിച്ച് അത്തരം കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ നിരീക്ഷിച്ചുവരുന്നു. അതോടൊപ്പം ഗവൺമെന്റ് ഭൂമിയിലെ കയ്യേറ്റങ്ങൾ തിട്ടപ്പെടുത്തുന്നതിനായി ഉപയോഗിക്കാതെ കിടക്കുന്ന സർക്കാർ ഭൂമി, ഇതിൽ അനധികൃത കയ്യേറ്റമുള്ള ഭൂമി, ഉടമസ്ഥരില്ലാതെ കിടക്കുന്ന ഭൂമി, വിട്ടൊഴിഞ്ഞ ഭൂമി തുടങ്ങിയ വിശദവിവരങ്ങൾ ഉൾക്കൊണ്ടുള്ള ഒരു ഡേറ്റാ ബാങ്ക് തയ്യാറാക്കുന്നതിനുള്ള നിർദ്ദേശം എല്ലാ ജില്ലാ കളക്ടർമാർക്കും നൽകിയിട്ടുള്ളതും അത്തരത്തിലുള്ള വിവരശേഖരണം നടന്നുവരുന്നതുമാണ്.

കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ചട്ടങ്ങളിലെ ചട്ടം 22(3) അനുശാസിക്കുന്ന കാര്യങ്ങൾക്കാണ് റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിക്കുന്നത്. സർക്കാർ അംഗീകരിച്ച നദീതീര വികസന പദ്ധതികൾ നടപ്പാക്കാനുള്ള ചെലവ്, മണലിന്റെ അളവ് തിട്ടപ്പെടുത്തുന്നതിനുവേണ്ടി വരുന്ന തുക, ജില്ലാതല വിദഗ്ദ്ധ സമിതി എന്നിവയിലെ അംഗങ്ങളുടെ യോഗ നടപടികളുമായി ബന്ധപ്പെട്ട യാത്രാബത്ത, ദിനബത്ത, ഓഡിറ്റ് ഫീസ്, പ്രകൃതിക്ഷോഭം, വരൾച്ച, പേമാരി എന്നിവമൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾ പുനഃസ്ഥാപിക്കുന്നതിലേയ്ക്കായി സർക്കാർ നടത്തിയതും പൂർത്തീകരിച്ചിട്ടുള്ളതുമായ പ്രവൃത്തികൾക്ക് സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദത്തോടുകൂടി നൽകുന്ന ചെലവുകൾ, ജീവനക്കാരുടെ ദിവസ വേതനത്തിലുള്ള ചെലവുകൾ, വാഹനങ്ങൾ കടവിൽ പ്രവേശിക്കുന്നത് തടയുന്നതിനായി സംരക്ഷണ ഭിത്തികൾ നിർമ്മിക്കുന്നതിനുള്ള ചെലവുകൾ, സാൻഡ് ഓഡിറ്റിംഗ്, റിവർബാങ്ക് മാപ്പിംഗ് തുടങ്ങിയവയ്ക്കുള്ള ചെലവുകൾ എന്നിവ റിവർമാനേജ്മെന്റ് ഫണ്ടിൽ നിന്നാണ് വഹിക്കുന്നത്.

## സ്കൂളുകളിലെ സമഗ്ര ആരോഗ്യ പോഷകാഹാര പരിപാടി

16(*556) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. സി. ദിവാകരൻ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള സമഗ്ര ആരോഗ്യ പോഷകാഹാര പരിപാടി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) ആരോഗ്യ പോഷകാഹാര പരിപാടി കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;